**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 74** **26-07-2021 - ൽ മറുപടിയ്ക്ക്**

**നൂറുദിന കർമ്മ പരിപാടിയിലെ റവന്യൂ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ പ്രഖ്യാപിച്ച ആദ്യ നൂറ് ദിന കർമ്മ പരിപാടിയിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. 12000 പട്ടയങ്ങളുടെ വിതരണം 2. ഭൂനികുതി ഒടുക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ 3. തണ്ടപ്പേർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവയുടെ ഡിജിറ്റൈസേഷൻ പൂർത്തീകരണം 4. റവന്യൂ പോർട്ടലിനു കീഴിൽ സാമൂഹ്യ സുരക്ഷ പെൻഷൻ നല്കുന്നതിനുള്ള മൊഡ്യൂൾ 5. പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ഭൂനികുതി ഒടുക്കുന്നതിനു വേണ്ടിയുള്ള നവീകരിച്ച ഇ-പേയ്മെന്റ് പോർട്ടൽ 6. സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനം - 20 എണ്ണം 7. സ്കെച്ച്, തണ്ടപ്പേർ അക്കൗണ്ട്, ലൊക്കേഷൻ സ്കെച്ച് എന്നിവ ഓൺലൈനായി നല്കുന്നതിനുള്ള മൊഡ്യൂൾ 8. നൂറു വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വെ 9. ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനുമായുള്ള ഓൺലൈൻ മോഡ്യൂൾ. 10. 8 വില്ലേജുകളുടെ റീസർവെ പൂർത്തിയാക്കി സെക്ഷൻ 13 പ്രസിദ്ധീകരിക്കുന്നതിനും, കൂടാതെ 5 വില്ലേജുകളുടെ ഫീൽഡ് ജോലി പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടി. 11. മുൻ കാലങ്ങളിൽ ഡിജിറ്റലായി സർവെ മാപ്പുകൾ തയ്യാറാക്കിയിട്ടുള്ള 87 വില്ലേജുകളും, റീസർവെ പൂർത്തിയാക്കുന്നതിന് ലക്ഷ്യമിടുന്ന 8 വില്ലേജുകളും ചേർത്ത് 95 വില്ലേജുകളുടെ മാപ്പ് ഓൺലൈൻ ആപ്ലിക്കേഷനായ e-Maps സോഫ്റ്റ് വെയറിൽ ലഭ്യമാക്കുന്നതിനുള്ള നടപടി. 12. Continuously Operating Reference Stations (CORS) 28 എണ്ണം സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് സർവെ ഓഫ് ഇന്ത്യ മുഖേന ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടി. |

| | | | |
|---|---|---|---|
| | | | 13. Survey of Villages and Mapping with Improvised Technology in Village Areas (SVAMITVA) സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള നടപടി. |
| (ബി) | പ്രസ്തുത പദ്ധതികളുടെ ആദ്യഘട്ട പ്രവർത്തന പുരോഗതി വെളിപ്പെടുത്താമോ; | (ബി) | 12000 പട്ടയങ്ങളുടെ വിതരണം 06.09.2021-നും ഭൂനികുതി ഒടുക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ, തണ്ടപ്പേർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവയുടെ ഡിജിറ്റൈസേഷൻ പൂർത്തീകരണം, ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള ഓൺലൈൻ മൊഡ്യൂൾ, സ്കെച്ച്, തണ്ടപ്പേർ അക്കൗണ്ട്, ലൊക്കേഷൻ സ്കെച്ച് എന്നിവ ഓൺലൈനായി നല്കുന്നതിനുള്ള മൊഡ്യൂൾ എന്നിവ 02.09.2021-നും പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ Plan Work Module പരിശോധിക്കുന്നതിന് LRD Portal-ൽ access, ഇ-ഓഫീസ് ഗ്യാപ് അനാലിസിസ് നടത്തുന്നതിന് റവന്യു പോർട്ടൽ,. 20 സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം എന്നിവ ഉടനെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്ര പഞ്ചായത്തി രാജ് മന്ത്രാലയം ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ SVAMITVA ആരംഭിച്ചിട്ടുള്ള വടക്കൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ ഭൂപ്രകൃതി വ്യത്യസ്തമായതിനാലും, വലിയ കെട്ടിടങ്ങളും, മരങ്ങളും തിങ്ങി നിറഞ്ഞതുമായ സാഹചര്യത്തിലും സംസ്ഥാനത്തിന് Drone survey അനുയോജ്യമാണോ എന്ന് പരിശോധിക്കുന്നതിന് ഒരു സാമ്പിൾ സർവെ വർക്കല വില്ലേജിൽ 12/07/2021 ന് നടത്തിയിട്ടുണ്ട്. |
| (സി) | നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി അർഹരായവർക്ക് പട്ടയം നൽകാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. നൂറ്ദിന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 12000 പട്ടയങ്ങൾ വിതരണം ചെയ്യുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അവയിൽ വിവിധ എൽ.എ.പട്ടയങ്ങൾ, മറ്റു പട്ടയങ്ങൾ, ക്രയ സർട്ടിഫിക്കറ്റുകൾ, ദേവസ്വം മിച്ച ഭൂമി/മറ്റു മിച്ചഭൂമി പട്ടയങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഇതിനകം 11,381 പട്ടയങ്ങൾ വിതരണത്തിന് തയ്യാറായി വരുന്നു. തിരുവനന്തപുരം 50, കൊല്ലം 35, പത്തനംതിട്ട 73, ആലപ്പുഴ70, കോട്ടയം 71, ഇടുക്കി 2319, എറണാകുളം 720, തൃശ്ശൂർ 2203, പാലക്കാട് 1034, മലപ്പുറം1176, കോഴിക്കോട് 1555, വയനാട് 400 കണ്ണൂർ 1267 കാസർഗോഡ് 408 |
| (ഡി) | നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി റവന്യൂ വകുപ്പിന്റെ പോർട്ടലിൽ കൂടുതൽ സേവനങ്ങൾ | (ഡി) | ഉണ്ട്. റവന്യു വകുപ്പിന്റെ പോർട്ടലിൽ കൂടുതൽ സേവനങ്ങൾ ഉൾപ്പെടുന്നതിന്റെ ഭാഗമായി തണ്ടപ്പേർ, അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകളുടെ |

| | | | |
|---|---|---|---|
| | ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | | ഡിജിറ്റലൈസേഷൻ നടപടികൾ നടന്നു വരുന്നു. കെട്ടിട നികുതി ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം കൂടി ഉൾപ്പെടുത്തി ഭൂനികുതി ഒടുക്കുന്നതിന്റെ ഇ-പേയ്മെന്റ് പോർട്ടൽ/മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചു വരുന്നു. ഭൂമി തരംമാറ്റൽ, സ്കെച്ച്, തണ്ടപ്പേർ, ലൊക്കേഷൻ സ്കെച്ച് തുടങ്ങിയവയുടെ ഓൺലൈൻ ഷെഡ്യൂളും വികസനഘട്ടത്തിലാണ്. വില്ലേജ് ഓഫീസുകൾക്കായുള്ള വെബ്സൈറ്റിന്റെ വികസനം, റവന്യു പോർട്ടലിനു കീഴിൽ സാമൂഹ്യ സുരക്ഷ പെൻഷൻ നല്കുന്നതിനുള്ള മൊഡ്യൂൾ, ഡിജിറ്റൽ റീസർവ്വെ പൂർത്തിയായ വില്ലേജുകളുടെ മാപ്പ് ReLIS സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ എന്നിവ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ